പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2806 09.05.2017-ലെ മറുപടിക്ക്

## വോൾവോ എ.സി. ബസുകൾ

ചോദ്യം
ശ്രീമതി. അയിഷാ പോറ്റി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ക്ക് എത്ര വോൾവോ എ.സി. ബസുകൾ ഉണ്ട് ; | (എ) | കെ. എസ്. ആർ. ടി. സി. ക്ക് 12 വോൾവോ എ.സി. ബസ്സുകൾ ഉണ്ട്. കൂടാതെ കെ. യു. ആർ. ടി. സി യുടെ കീഴിൽ 190 വോൾവോ എ.സി. ബസുകളും ഉണ്ട്. |
| (ബി) | പ്രസ്തുത ബസുകൾ ഏതെല്ലാം ഡിപ്പോകളിലാണെന്നും അവയുടെ പ്രതിമാസ വരുമാനം എത്രയെന്നും വിശദമാക്കുമോ ; | (ബി) | കെ. എസ്. ആർ. ടി. സി യുടെ 12 എ സി വോൾവോ ബസ്സുകൾ ആലപ്പുഴ, എറണാകുളം, കോട്ടയം, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ എന്നീ ഡിപ്പോകളിലാണ് അനുവദിച്ചിട്ടുള്ളത്. കെ യു ആർ ടി സി യുടെ എ സി ലോ ഫ്ലോർ ബസ്സുകൾ തിരുവനന്തപുരം സിറ്റി, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട,എറണാകുളം(തേവര), തൊടുപുഴ കോട്ടയം, കോഴിക്കോട്, കൽപ്പറ്റ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ഡിപ്പോകളിലാണ് അനുവദിച്ചിട്ടുള്ളത്. 2017 ഏപ്രിൽ മാസത്തെ കണക്കുപ്രകാരം ടി ബസ്സുകൾക്ക് **1,15,84,281** രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (സി) | വോൾവോ എ.സി ബസുകളുടെ അറ്റകുറ്റപണിക്കായി ഈ സർക്കാർ ചെലവഴിച്ച തുക വെളിപ്പെടുത്തുമോ ; | (സി) | കെ. എസ്. ആർ. ടി. സി യുടെ വോൾവോ എ.സി. ബസുകളുടെ അറ്റകുറ്റപണിക്കായി **1,60,53,164/-** രൂപയും കെ. യു. ആർ. ടി. സി യുടെ വോൾവോ അറ്റകുറ്റപണിക്കായി **9,58,12,027/-** രൂപയും ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ എത്ര വോൾവോ എ.സി. ബസുകൾ കട്ടപ്പുറത്തുണ്ട് എന്ന് വ്യക്തമാക്കുമോ ? | (ഡി) | **05-5-2017**-ൽ കെ. യു. ആർ. ടി. സിയുടെ കീഴിലുള്ള ആകെ **190** വോൾവോ ബസുകളിൽ **142** ബസുകൾ സർവ്വീസ് നടത്തുന്നതിന് സജ്ജമായിരുന്നു. ബാക്കിയുള്ള **48** ബസുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി മാറ്റിയിട്ടിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**